## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1481** **14/12/2012** ൽ മറുപടിക്ക്

<u>കൊച്ചിൻ ബിനാലെ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. റ്റി.എൻ പ്രതാപൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ. വി.ഡി. സതീശൻ

ശ്രീ.കെ. സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ കൊച്ചി ബിനാലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ബിനാലെ ഫൗണ്ടേഷന് നൽകിയ 5 കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ ശുപാർശ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) | ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രാഥമിക വിലയിരുത്തൽ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയായാൽ മാത്രമേ ക്രമക്കേടുകൾ കണ്ടെത്താൻ കഴിയുകയുള്ളൂ. |
| (സി) | ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണ് ; | (സി) & (ഡി) | അന്വേഷണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഉത്തരവാദികളെ നിശ്ചയിക്കാൻ കഴിയില്ല. |
| (ഡി) | ആർക്കൊക്കെ എതിരായാണ് വിജിലൻസ് അന്വേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നത് ; | | |
| (ഇ) | കൊച്ചിൻ ബിനാലെക്കുവേണ്ടി ഇനി ധനസഹായം നൽകുവാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ